**പിറവിക്കാലം ഒന്നാം ഞായർ**

**ലൂക്കാ 2:1-12**

## യേശുവിന്റെ ശൈശവ സുവിശേഷം

റവ. ഡോ. ജോസഫ് ചാക്കോ

യേശുവിന്റെ ശൈശവ സുവിശേഷം എന്നു വിശേഷിപ്പിക്കാവുന്നതാണ് ഈ ഭാഗം. സ്നാപക യോഹന്നാന്റെ ജനന വിവരണവും യേശുവിന്റെ ജനന വിവരണവും തമ്മിൽ സാമ്യമുണ്ടെന്നും കാണാം. എന്നാൽ വിവരണശൈലിയിൽ വഴിയൊരുക്കാൻ വന്നവനെയും യഥാർത്ഥ വ്യക്തിയെയും വ്യക്തമായി തിരിച്ചറിയത്തക്ക വിധത്തിലാണ് പ്രാധാന്യം നല്കിയും പ്രാധാന്യം കുറച്ചും അവതരിപ്പിക്കുന്നത്. ചരിത്ര വസ്തുതതൾ, വെളിപാടു സാഹിത്യശൈലി, ദൈവിക ഇടപെടലുകൾ, മാനുഷിക പ്രത്യേകതകൾ തുടങ്ങിയവ ഇതിൽ ഉൾച്ചേർന്നിരിക്കുന്നതായി കാണാം. ഈ വിവരണഭാഗത്തെ നാലായി തിരിക്കാം.

1. ചരിത്രമെന്നു തോന്നുന്ന ഒരാമുഖം (2:1-15). 2. ഹ്രസ്വ ജനന വിവരണം (6-7). 3. ആട്ടിടയന്മാർക്ക് പട്ടണത്തിനു പുറത്തു ലഭിക്കുന്ന സന്ദേശം, ഇടയന്മാരുമായി ബന്ധപ്പെട്ട സംഭവങ്ങൾ (8-15). 4. ഇടയന്മാരും ശിശുവും തമ്മിലുള്ള കൂടിക്കാഴ്ച (16-20). ഈ വിവരണത്തിനെ ചരിത്രപരമായ വസ്തുതകൾ വിലയിരുത്തുന്നതിനെക്കാൾ ദൈവശാസ്ത്രപരമായ വസ്തുതകൾ വിലയിരുത്തുന്നതാണ് ഉചിതം.

ചരിത്രപരമെന്നു തോന്നുന്ന ആമുഖത്തിൽ പറയുന്ന വ്യക്തികളും അവരുടെ പ്രവർത്തനകാലങ്ങളും തമ്മിൽ വ്യത്യസ്തതകൾ കാണാം. എന്നാൽ റോമാ സാമ്രാജ്യത്തിന്റെ ശൈലിയും പാരമ്പര്യവുമനുസരിച്ച് ചിന്തിച്ചാൽ ഒരു പക്ഷേ ഓരോ പ്രവിശ്യയുടെ അടിസ്ഥാനത്തിലും ഈ തരത്തിലുള്ള കണക്കെടുപ്പുകൾ നടന്നിട്ടുണ്ടാകാം. ഗലീലിയിലെ പട്ടണമായ നസ്രത്തിൽ നിന്നും ബദ്ലേഹമിൽ എത്തേണ്ടി വന്നതിന്റെ കാരണങ്ങൾ കാണിക്കാനുള്ള വ്യഗ്രത വിവരണത്തിൽ ഉള്ളതായി കാണാം. ദാവീദിന്റെ വംശത്തിൽപ്പെട്ടവനാണ് യേശുവെന്നും ദാവീദിന്റെ പട്ടണമായ (1 സാമു. 16:11; 17:15; സങ്കീ 77:70) ബദ്ലെഹത്താണ് യേശു ജനിച്ചതെന്നുമുള്ള കാര്യങ്ങൾ ഇവിടെ പ്രസക്തമാകുന്നു. കണക്കെടുപ്പിന് മറിയത്തിന്റെ സാന്നിധ്യം അനിവാര്യമായിരുന്നോ എന്ന ചോദ്യവും പ്രസക്തമാണ്. വിവാഹനിശ്ചയം ചെയ്തിരുന്നു എന്നു മുന്നേ പറയുകയും എന്നാൽ വിവാഹത്തെക്കുറിച്ച് പറയാത്തതുമായ സാഹചര്യം ഇവിടെയണ്ട്. യഹൂദ നിയമമനുസരിച്ച് വിവാഹവാഗ്ദാനം കഴിഞ്ഞാൽ ഇരുവരും ഭാര്യാഭർത്താക്കന്മാരുടെ കടമകൾ നിർവഹിക്കാനുള്ളവരും എന്നാൽ കുടുംബമായി കഴിയാൻ പാടില്ലാത്തതുമാണ്. ഗർഭിണിയായ ഭാര്യ മറിയത്തോടൊപ്പം എന്നു പറഞ്ഞിരിക്കുന്നത് ഇവിടെ ജോസഫ് തന്റെ നിരപരാധിത്വം മറ്റുള്ളവരുടെ മുന്നിൽ അപരാധമായി ഏറ്റെടുക്കുന്നു. അങ്ങനെ നിയമപരമായി ഭാര്യയായി മറിയത്തെ കാണുന്നു.

ബദ്ലേഹമിലെത്തിയ മറിയം അവിടെവച്ച് ഒരു കുഞ്ഞിനെ പ്രസവിച്ചു. സ്നാപകന്റെ ജനനവിവരണത്തോട് സമാനതയുള്ളതാണ് ഇവിടെത്തെയും വിവരണം. മറിയം തന്റെ കടിഞ്ഞൂൽപുത്രനെ പ്രസവിച്ച് പിള്ളകച്ചകൾ കൊണ്ട് പൊതിഞ്ഞ് പുൽത്തൊട്ടിയിൽ കിടത്തി എന്നു പറയുമ്പോൾ ഒന്നാമതായി കടിഞ്ഞൂലുകളെല്ലാം ദൈവത്തിന് സമർപ്പിക്കപ്പെടേണ്ടവരാണെന്ന് പരോക്ഷമായി സൂചിപ്പിക്കുന്നു. രണ്ടാമതായി മറിയത്തിന്റെ കന്യാത്വത്തിനു പരോക്ഷമായ സാക്ഷ്യം. പിള്ളക്കച്ച കൊണ്ട് കുഞ്ഞിനെ പൊതിഞ്ഞ് ചൂടുനല്കുന്നത് സ്വാഭാവികമായൊരു കാര്യം (ജ്ഞാനം 7:4; എസക്കി 16:4). സത്രത്തിൽ സ്ഥലം ലഭിക്കാത്തതിനെക്കുറിച്ചും പുൽത്തൊട്ടിയിൽ കിടത്തുന്നതിനെക്കുറിച്ചും യാഥാർത്ഥ്യങ്ങളെക്കാൾ ഐതിഹ്യപ്രാധാന്യമാണുള്ളത്. പലസ്തീനായിലെ അക്കാല ജീവിതശൈലിയും താമസരീതിയും അനുസരിച്ച് പറഞ്ഞാൽ നിർമ്മിക്കുന്ന ഭവനത്തിന്റെ ഭൂമിയോടു ചേർന്നു നിൽക്കുന്ന താഴെ ഭാഗം കന്നുകാലികൾക്കും മുകളിൽ മനുഷ്യർക്കും

വേണ്ടിയാണ് നീക്കിവയ്ക്കുന്നത്. കാലികൾക്കുവേണ്ടി പ്രത്യേകം തൊഴുത്തുകൾ ഉണ്ടാക്കുന്ന ശൈലി വളരെ കുറവായിരുന്നു. അകലെയുള്ള ഗുഹയിൽ പോയി എന്നും അർത്ഥമുണ്ടെന്നു തോന്നുന്നില്ല. പുൽത്തൊട്ടിയിൽ കിടത്തി എന്നു മാത്രമേ പറയുന്നുള്ളൂ. അതിനാൽ വീടിനോടു ചേർന്നുള്ള സൗകര്യപ്രദമായ സ്ഥലം എന്നർത്ഥമാക്കിയാൽ മതി. കത്തലൂമ എന്ന ഗ്രീക്കുപദമാണ് ഉപയോഗിക്കുന്നത് (പുറ 4:27; 15:13; 1 രാജാ 1:18; ലൂക്കാ 22:11).

ആട്ടിടയന്മാർക്കു ലഭിക്കുന്ന സന്ദേശമാണ് രണ്ടാമത്തെ ഭാഗം. ഇടയന്മാർക്കു കർത്താവിന്റെ ദൂതന്മാർ പ്രത്യക്ഷപ്പെടുന്നു... കർത്താവിന്റെ /പ്രഭ അവരുടെമേൽ പ്രകാശിച്ചു (പുറ 16:7, 10; 24:17; 40:34; സങ്കീ 63:3)... അവർ ഭയപ്പെട്ടു. മേൽപറഞ്ഞ വാക്കുകൾ ദൈവിക സാന്നിധ്യത്തിന്റെ അടയാളമായി ദർശിക്കാവുന്നതാണ്. ദൂതൻ അവരോടു പറഞ്ഞു ഭയം വേണ്ട എന്നറിയുന്നു. ലോകമെങ്ങും പോയി സുവിശേഷം അറിയിക്കുക എന്ന സന്ദേശവാക്യത്തോടു ചോർന്നു പോകുന്നതാണിത്. സുവിശേഷം/സദ്വാർത്ത എന്ന പദം സജീവശ്രദ്ധ ആകർഷിക്കുന്നു. കർത്താവിന്റെ ജനനം/ദൈവത്തിന്റെ ഭൂമിയിലേക്കുള്ള ആഗമനം അതാണ് ഏറ്റം വലിയ സദ്വാർത്ത. യേശുവിന്റെ ജീവിത, മരണ, ഉത്ഥാനങ്ങളും ഉത്ഥാനാനന്തര വിശ്വാസവും ആദിമസഭ പ്രഘോഷിക്കുന്ന ശൈലിയിൽ തന്നെയാണ് മാലാഖയുടെ സന്ദേശവും.

നിങ്ങൾക്കായി ഒരു രക്ഷകൻ... കർത്താവ്... ക്രിസ്തു... ഇന്ന്... (4:21; 5:26; 12:28; 13:32; 19:5; 22:34; 61; 23:43) ജനിച്ചിരിക്കുന്നു. കർത്താവിൽ ആരംഭിക്കുന്ന രക്ഷയെ സൂചിപ്പിക്കുന്നതാണിത്. കർത്താവ്, ക്രിസ്തു എന്നീ വാക്കുകൾ ഇവിടെ മാത്രമേ കാണുന്നുള്ളൂ. യേശുവിന്റെ മെസിയാനിക ദൗത്യത്തെയാണ് ഇതു സൂചിപ്പിക്കുന്നത്. രക്ഷകന്റെ അടയാളമായി പിള്ളക്കച്ച കൊണ്ടു പൊതിഞ്ഞ് പുൽത്തൊട്ടിയിൽ കിടത്തിയിരിക്കുന്നു എന്ന വിവരണം വളരെ വിചിത്രമായി തോന്നാം. ദൈവികതയുടെ ലാളിത്യം വിവരിക്കുന്നതിന് ചേർന്ന ഉദാഹരണമായി ഇതിനെ കാണാം (ക്രിസ്തു തല ചായ്ക്കാൻ ഇടമില്ലാത്തവനായിരുന്നു (ഏശ 21:3; ലൂക്കാ 9:58).

ദൈവദൂതന്മാർ പ്രത്യക്ഷപ്പെടുന്നതും അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വവും ഭൂമിയിൽ ദൈവകൃപ ലഭിച്ചവർക്ക് സമാധാനം എന്നാശംസിക്കുന്നതും വിവരണത്തിൽ അസാധാരണത്വം തോന്നിക്കുന്നതാണ്. പെട്ടെന്ന്, പ്രത്യക്ഷപ്പെട്ട്, ഒരു വ്യൂഹം എന്നിങ്ങനെയുള്ള പ്രയോഗങ്ങൾ പ്രത്യേക ശ്രദ്ധയർഹിക്കുന്നതാണ്. യേശുവിന്റെ ജനനം ദൈവത്തിന്റെ രക്ഷാകരപദ്ധതിയുടെ മഹത്വം വിളിച്ചറിയിക്കുന്നു. യേശുക്രിസ്തുവിൽ ദൈവം മഹത്വപ്പെടുന്നു. പിതാവിന്റെ ഹിതം ഭൂമിയിൽ നിറവേറ്റപ്പെടുന്നതും വഴി യേശു ചെയ്യുന്നതാണിത്. യേശുവിനെ അംഗീകരിക്കുന്നവർ, ദൈവകൃപ ലഭിച്ചവർ രക്ഷ കാണുകയും സമാധാനം അനുഭവിക്കുകയും ചെയ്യുന്നു (യോഹ 1:1–18; 15:116). ഈ സന്ദേശം സ്വർഗത്തിൽ നിന്നും ലഭിച്ചുവെന്നാണ് ലൂക്കാ പറയുന്നത് (ലൂക്കാ 2:15).

ആട്ടിടയന്മാരുടെ പ്രതികരണങ്ങൾ പ്രത്യേക ശ്രദ്ധയർഹിക്കുന്നു. 1. ആട്ടിടയന്മാർ തീരുമാനമെടുക്കുന്നു... കർത്താവ് (ദൈവം) അറിയിച്ച കാര്യങ്ങൾ നേരിൽ കണ്ട് ബോധ്യപ്പെടാനുള്ള തീരുമാനം. 2. തീരുമാനത്തിൽ ഉറച്ചു നിന്നുകൊണ്ട് തിടുക്കത്തിൽ യാത്രയാകുന്നു... (രക്ഷയുടെ സന്ദേശം സ്വീകരിക്കുന്നതിൽ ആരും അമാന്തിക്കരുത്, സംശയിക്കേണ്ട ആവശ്യമില്ല). 3. എല്ലാം അരുളിച്ചെയ്തതുപോലെ സംഭവിക്കുന്നു... (ലൂക്കാ പേരുകളും അടയാളങ്ങളും പ്രത്യേകം പറയുന്നു). 4. ആട്ടിടയന്മാരുടെ പ്രഥമ പ്രഘോഷണം (യേശുവിനെക്കുറിച്ച് കേട്ടു, കണ്ടു, സാക്ഷ്യപ്പെടുത്തുന്നു. ആദ്യത്തെ സുവിശേഷ പ്രഘോഷകരാണ് ആട്ടിടയന്മാർ. ശിശുവിനെക്കുറിച്ച് തങ്ങളോടു പറയപ്പെട്ട കാര്യങ്ങളാണ് അവർ പോയി അറിയിച്ചതെന്ന് ലൂക്കാ പ്രത്യേകം പറയുന്നു). 5. ആട്ടിടയന്മാരെ കേട്ടവരുടെ പ്രതികരണം (ദൈവിക ഇടപെടൽ ലോകത്തിൽ ഉണ്ടായിരിക്കുന്നു എന്നതിന്റെ ധ്വനിയാണ് കേട്ടവരുടെ പ്രതികരണത്തിന്റെ സംഗ്രഹം). 6. പ്രഥമ പ്രഘോഷകർ സന്തോഷചിത്തരാകുന്നു (അവർ ദൈവത്തെ മഹത്വപ്പെടുത്തുന്നു, സ്തുതിക്കുന്നു). ആത്മാവിനാൽ നിറഞ്ഞ മറിയമാവട്ടെ ദൈവം തനിക്കു വെളിപ്പെടുത്തിയ കാര്യങ്ങൾ ഓരോന്നായി നിറവേറുന്നതിനെക്കുറിച്ച് ബോധ്യപ്പെട്ട് ദൈവത്തെ സ്തുതിക്കുന്നു.

– രക്ഷയുടെ വെളിപാട് ചരിത്രത്തിന്റെ ഭാഗമാണെന്നറിയുക.

– ഹൃദയ വിശുദ്ധിയുടെയും എളിമയുടെയും വിനയത്തിന്റെയും തലങ്ങളിലൂടെയാണ് രക്ഷ വെളിപ്പെടുന്നത്.

– ആത്മാവിന്റെ പ്രേരണയാൽ ലഭിക്കുന്ന ദൈവിക പ്രചോദനങ്ങളെ പ്രഘോഷിക്കാൻ കഴിയണം.

– ദൈവം തരുന്ന രക്ഷയുടെ, നന്മയുടെ അനുഭവങ്ങളെ ദൈവമഹത്വത്തിനും സ്തുതിക്കുമായി ഉപകാരപ്പെടുത്തണം.